"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - തിരുവനന്തപുരം ജില്ലയിൽ പുളിമാത്ത് ഗ്രാമപഞ്ചയത്തിലെ ശ്രീമതി ഗീത.റ്റി അയിരൂർ വീട് കണ്ണമുക്കിന് ലൈഫ് മിഷൻ പ്രകാരം ആനുകൂല്യം നൽകുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡിഇ)വകുപ്പ്**

G.O.(Rt)No.335/2023/LSGD തീയതി,തിരുവനന്തപുരം, 04-02-2023

---

പരാമർശം:-

1. പുളിമാത്ത് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ന്റെ 11/10/2022 ലെ എ5/3025/2022 നമ്പർ കത്ത്
2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർ ഡിനേഷൻ കമ്മിറ്റിയുടെ 09/01/2023 ലെ 4.13 നമ്പർ യോഗ തീരുമാനം

**<u>ഉത്തരവ്</u>**

തിരുവനന്തപുരം ജില്ലയിൽ പുളിമാത്ത് ഗ്രാമപഞ്ചായത്തിൽ ഒന്നാം വാർഡിലെ ശ്രീമതി ഗീത.റ്റി, അയിരൂർ വീട് എന്ന കക്ഷി ഭൂമിയുള്ള ഭവനരഹിതരുടെ ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ടിരുന്നു. ആദ്യ ഗഡുവായി 40,000 രൂപ നല്കുകയും നിർമ്മാണത്തിന് ഉദ്ദേശിച്ച സ്ഥലം 'നിലം' ആയതിനാൽ വീട് നിർമ്മിക്കാൻ പ്രത്യേകാനുമതി നൽകുകയും ചെയ്തിരുന്നു. എന്നാൽ അപേക്ഷക ഉൾപ്പെട്ട കുടുംബത്തിന് മറ്റൊരു വില്ലേജിൽ (പുല്ലമ്പാറ ഗ്രാമപഞ്ചായത്തിൽ) 4.05 ആർ സ്ഥലം ഉണ്ടെന്ന് കാണിച്ച് പരാതി വന്നതിനെ തുടർന്ന് തദ്ദേശഭരണസ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ട്രൈബ്യൂണൽ പ്രവർത്തി സ്റ്റേ ചെയ്തു. 23.03.2022ൽ പരാതിക്കാരൻ ഹാജരാകാത്തതിനാൽ കേസ് തീർപ്പാക്കുകയും ഗ്രാമപഞ്ചായത്തുമായി ശ്രീമതി ഗീത വീട് നിർമ്മാണത്തിനു കരാർ വയ്ക്കുന്ന സമയത്ത് പുല്ലമ്പാറ ഗ്രാമപഞ്ചായത്തിൽ ഉണ്ടായിരുന്ന4.05 ആർ സ്ഥലം വില്പനയ്ക്ക് കരാറിൽ ഏർപ്പെട്ടിരുന്നുവെന്നും ടിയാന്റെ ചികിൽസക്കായി 2020-21 ൽ ഈ വസ്തു വില്പനനടത്തുകയും ചെയ്തു. ഇവർക്ക് ലൈഫ് ഭവന പദ്ധതിയ്ക്ക് തുടർന്നുള്ള ഗഡുക്കൾ നൽകാൻ അനുമതി നൽകണമെന്ന് പരാമർശം (1) പ്രകാരം പുളിമാത്ത് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അഭ്യർത്ഥിക്കുകയുണ്ടായി.

2 . വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 09/01/2023 ലെ യോഗത്തിൽ ഈ വിഷയം പരിശോധിച്ചു . സ്ഥലം വിറ്റു എന്നതും അപേക്ഷക രോഗിയാണെന്നതും പരിഗണിച്ച്, ശ്രീമതി ഗീത.റ്റി അയിരൂർ വീട് പുളിമാത്ത് ഗ്രാമപഞ്ചായത്തിന് ലൈഫ് മിഷൻ പ്രകാരം ആനുകൂല്യം നൽകാൻ പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ANIL KUMAR G

ADDITIONAL SECRETARY

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ തിരുവനന്തപുരം

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്,തിരുവനന്തപുരം

ഡയറക്ടർ(റൂറൽ),തദ്ദേശ സ്വയംഭരണ വകുപ്പ്,തിരുവനന്തപുരം

പ്രസിഡന്റ്, പുളിമാത്ത് ഗ്രാമപഞ്ചായത്ത്,തിരുവനന്തപുരം

ശ്രീമതി ഗീത.റ്റി, അയിരൂർ വീട്, പുളിമാത്ത് ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം

ഡയറക്ടർ, കേരളം സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ്ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ ഇ)/ഓഡിറ്റ്), തിരുവനന്തപുരം

തദ്ദേശസ്വയംഭരണ (ഡി എ ) വകുപ്പ്.

ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ , ഐ&പി.ആർ.ഡി, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Sheeba S C
സെക്ഷൻ ഓഫീസർ
Date: 04-02-2023 17:04:34